
ചിരാത്
സെന്റ് തോമസ് എച്ച് എസ് എസ് തോമാപുരം


ST THOMAS H S S THOMAPURAM



# മികവിന്റെ പാതയിൽ മുന്നോട്ട്.................

## താളുകളിലൂടെ


- സന്ദേശം
- ഉണരൂ നവ കേരളമേ
- ചിത്രരചന
- കനലുകൾ
- നവകേരളസൃഷ്ടിയിലേക്ക്
- ചിത്രരചന
- ലഹരി
- മഴ
- ചിത്രരചന
- പെൻസിൽ
- അഗ്നി
- മായാജാല മേഘം
- ചിത്രരചന
- അമ്മ
- ഭൂമിയുടെ മനസ്സിലെ കനലുകൾ
- ചിരിച്ചാൽ വേദനിക്കില്ല
- കനൽജന്മം

- കൊതുക ചേട്ടൻ
- ചിത്രരചന
- സൗഹൃദം
- ഓർമ്മകൾ
- ചിത്രരചന
- പെൻസിൽ
- ചിത്രരചന
- **why not you**
- **water**
- **pencil**
- ചിത്രരചന

## • ചിരാതിന് പിന്നിൽ പ്രവർത്തിച്ചവർ

- മരിയ ഗ്രേസ് ജോസഫ്
- നിരഞ്ജന പത്മനാഭൻ
- ബ്രിജിററ് മരിയ ഫ്രാൻസിസ്
- റോസ് മേരി എം.എം
- ജോജോ ജോർജ്
- അജസ് എം.ഡി
- രാഹുൽ രാജേഷ്
- റോസീന ജോസഫ്
- അന്ന ജോസഫ്
- ആതിര പി.സി
- അനിറ്റ തോമസ്

## ആശംസ

നമ്മുടെ സ്ക്രൂളിലെ ലിറ്റിൽ കൈറ്റ് സംഘടനയിലെ കുട്ടികൾ മാഗസിൻ ഇറക്കുന്നതിൽ ഏറെ സന്തോഷവും അഭിമാനവുമുണ്ട്.
സർഗസൃഷ്ടികൾ അവർ തന്നെ ടൈപ്പ് ചെയ്ത് പബ്ളിഷ് ചെയ്യുന്നതിൽ അവരെ അഭിനന്ദിക്കുന്നു. നൂതന സാങ്കേതികവിദ്യയുടെ ഈ  കാലഘട്ടത്തിൽ ലിറ്റിൽകൈറ്റ് സംഘടനയുടെ പ്രവർത്തനങ്ങൾ ഏറെ പ്രാധാന്യമർഹിക്കുന്നു . സെന്റ് തോമസ് എച്ച്.എസ്.എസ് തോമാപുരം   സ്ക്രൂളിലെ ലിറ്റിൽകൈറ്റിന്റെ എല്ലാ പ്രവർത്തകർക്കും ആശംസകളും അഭിനന്ദനങ്ങളും നേരുന്നു.ഒപ്പം ഇവരുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്ന കൈറ്റ് മാസ്റ്റർ ബാബു സാറിനും കൈറ്റ് മിസ്റ്റ്റസ് ശ്രീമതി ലിസ ജോസ് ടീച്ചറിനും പ്രത്യേക നന്ദിയും അഭിനന്ദനങ്ങളും.

# ഉണരൂ നവകേരളമേ

അമ്മേ, ക്രൂരമായ് നിന്നോട്
വർത്തിച്ച ഭൂതങ്ങൾ
സാരമായ് നിന്നെ അവ–
ഗണിച്ച നാളുകൾ
നിൻ ഉപാസകരാം നിൻ
മക്കളെ പുച്ഛിച്ച്,
അട്ടഹാസത്താൽ പാറി
നടക്കവേ
ഒരു മാത്ര പോലും നിനച്ചാല്ലല്ലോ
നിന്നുള്ളിലെ ഒടുങ്ങാത്ത വേദന
ആഴ്ന്നിറങ്ങും നഖത്തിൻേറ
തീവ്രമാം നൊമ്പരം....?
നിൻ ക്ഷമയുടെ ആഴങ്ങൾ
തെളിഞ്ഞുതുടങ്ങിയിട്ടേറെ നാളായി–
യെങ്കിലുമിന്നുനിൻ ക്രോധം
വരമ്പുകളൊക്കെയും ഭേദിച്ച്
പുറത്തുവന്നു....!
ആർദ്രമാം നിൻ നയനങ്ങൾ
ഫണങ്ങളായ് ജ്വലിക്കവേ
അച്ചുംബിതങ്ങളാം നിൻ
കണ്ണുനീർ തുള്ളികൾ
പ്രളയമായ് ഉയിരെടുത്തു
കടന്നുപോയി !!
ആണ്ടുപോകും നിമിഷാ–ർദ്ധങ്ങളിൽ

നീണ്ടുപോകും ജീവിതം,
ദിനങ്ങളെല്ലാം യുഗങ്ങളായ്
ഇഴഞ്ഞിഴഞ്ഞൊഴുകവേ
നീറി നീറി എരിയുവാൻ
ബാക്കിയാക്കിയതെന്തിന് ?
മാറുകില്ലായെന്നു കരുതിയതൊക്കെയും
മറഞ്ഞുപോയ്, ഏവമെന്തിന് ?
മാറി മാറി മറിഞ്ഞ മലനാട്
നിനക്കു മറയായി, പ്രളയമേ
നിനക്കു വഴിയായി....!!!!
മാമക സാമ്രാജ്യങ്ങൾ ഒഴുകി–
യഴുകിയലിഞ്ഞുപോയ്
ജീവിത നൗകയിൽ
ഏകനാണെന്ന് കരുതവേ,
എല്ലാം അസ്തമിച്ചെന്ന് നിനക്കവേ
തേടിവന്നു എന്നെയും
രക്ഷതൻ കരവുമായ് മാലാഖമാർ
നിശ്ചയം നിൻ പ്രഹരത്തെ തട്ടുത്തു നാം
ജീവിതത്തിൻ കൊടിപ്പാടം കെട്ടിടും.!
മലായാളനാടിന്റെ ഒരുമയെ വെല്ലുവാൻ
ഒരു പ്രളയത്തിനും ശേഷിപോരാ!!!!
അമ്മേ പൊറുക്കണേ
നിൻ പുത്രരോടു കരുണ ചെയണേ
ഇനിയുണരൂ, കേരളമേ നിൻ
മാലിന്യാ മഗ്നതയിൽ നിന്നുയിരെടുക്കു
നിൻ ആർഭാടബുദ്ധിയിൽ
നിന്നു പുറത്തുവരൂ...

പുഴയൊഴുകും വഴി നേരെയാക്കുവിൻ
മലനിരകളെയൊക്കെയും കാത്തുൾവിൻ
ഭൂമി മാതാവിൻറ ഹരിതമൃദുകഞ്ചുകം
പണ്ടുപോലിന്നും വിളങ്ങിനിൽക്കാൻ

ആഷൽമരിയ അഗസ്റ്റിൻ




By
Tom Thomas

## കവിത-കനലുകൾ

വേദനയാൾ  ഉരുകുന്ന കനലുകൾ
എന്തെന്ന് അറിയാത്ത കനലുകൾ
മനുഷ്യർ എല്ലാവരെയും വേദനിപ്പിക്കുന്ന ചില ഓർമ്മകൾ.
തീനാളമാം കനലുകൾ
ഉരുകുന്ന ശ്വാസമാം കനലുകൾ
മനുഷ്യർ വെത്ത് വെത്ത് ജീവിക്കുന്ന
നാളങ്ങൾ
മനുഷ്യർ എല്ലാവരും വെറുപ്പിക്കുന്ന ഓർമ്മകൾ
മനുഷ്യന്റെ  മനസിൽ കിടന്ന് ഓർക്കുന്ന-
ചില അതിമനോഹരമായ ഓർമ്മകൾ
എന്തെന്ന് അറിയാത്ത ചില ഓർമ്മകൾ
മനസ്സിൽ ഒരു തീ കനലായിമാറുന്ന
ഒരു വേദനയായി മാറുന്ന ചില ചില
മുഹൂർത്തങ്ങൾ.
നല്ലെതെന്ന ഓർമ്മകളും ചില ചീത്ത എന്ന
ഓർമ്മകളും. എന്നാൽ അതിൽ ചിലതെല്ലാം നല്ലതുമാവാം.
എന്നാൽ ജീവിതത്തിൽ അതി-
മനോഹരമായ സ്വപ്നങ്ങൾ.
വേദനിച്ച് വേദനിച്ച് അഴിക്കിപ്പോയ-
ഓരോരോ കനലുകൾ.
നമ്മുടെ ചിലവരുടെ ജീവിതത്തിൽ
ഓരോരുത്തരുടെയും മനസ്സിൽ
എന്തെന്ന് അറിയാത്ത വേദനയാം
കനലുകൾ.
പ്രിയമാം മനസ്സുകളിൽ
ഓർമ്മയായി തുള്ളുമ്പുന്ന
മനുഷ്യ സ്നേഹ വേദനകൾ.
സ്നേഹത്താൽ തുള്ളുമ്പുന്ന
മനുഷ്യത്രീവ്രതയാം കനലുകൾ
വേർതിരിഞ്ഞുപ്പോയ ചില മനുഷ്യ കനലുകൾ.......

## പ്രളയാനന്തരം നാം നവകേരളസൃഷ്ടിയിലേക്ക്

കേരളം സമാനതകളില്ലാത്ത ഒരു പ്രളയദുരിതത്തലൂടെയാണ് കടന്നുപോയത് . പ്രളയം നമ്മുടെ സംസ്ഥാനത്തിന്റെ കാർഷിക , വ്യാവസായിക , ആരോഗ്യ , സാമ്പത്തികമേഖലകളെ തകർത്തെറിഞ്ഞു . ഇനി നമ്മുടെ മുന്നിലുള്ള പ്രധാന ദൗത്യം നവകേരളസൃഷ്ടിയാണ് . സംസ്ഥാനത്തെ കാർഷികമേഖലയും അതുപോലെ നഷ്ടം സംഭവിച്ച മറ്റു മേഖലകളും പൂർവ്വസ്ഥിതിയിലാക്കുക എന്നത് വളരെ ശ്രമകരമായ ഒരു കാര്യമാണ് . ഏകദേശം അരലക്ഷം കോടിയിലധികം രൂപയാണ് നാം കണ്ടെത്തേണ്ടത് . പണം സ്വരൂപിക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും എല്ലാ മേഖലകളിലും ജോലിചെയ്യുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും കേന്ദ്രസംസ്ഥാന സർക്കാറുകളുടെയും കൂട്ടായ ശ്രമം അത്യന്താപേക്ഷികമാണ് . പ്രളയാനന്തരം കേരളത്തിന് പ്രധാനമായി മൂന്ന് ഘട്ടങ്ങളിലൂടെയാണ് കടന്നുപോകേണ്ടത് . പുനരധിവാസം , പുനർനിർമാണം , പുനർവികസനം എന്നിങ്ങനെയാണവ .

ഇന്ന് നാം പുനരധിവാസം പിന്നിട്ട് , കേരളം പുനർനിർമിച്ചുകൊണ്ടിരിക്കുകയാണ് . പ്രളയത്തിന് മുൻപുണ്ടായിരുന്ന കേരളത്തെ പുനസ്ഥാപിക്കുക എന്നതിലുപരി വരുംതലമുറക്ക്

ആവശ്യമായ പരിസ്ഥിതിസൗഹൃദ മാലിന്യവിമുദ്ധ നവകേരളം പടുത്തുയർത്തുകയാണ് വേണ്ടത്. നാം വികസനത്തിന്റെ പേരിൽ ഒരിക്കലും പ്രകൃതിയെ മറക്കരുത്. അങ്ങനെ പ്രകൃതിയെ ഉപദ്രവിച്ചതിന്റെ അനന്തരഫലമാണ് നാം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. കുന്നുകളും പാടങ്ങളും ഇടിച്ചുനികത്തി, മരങ്ങൾ വെട്ടിനശിപ്പിച്ച്, അനധീകൃതമായി മണലൂറ്റി, നദികളുടെ പരിശുദ്ധി കളങ്കപ്പെടുത്തി, അവയെ മലിനമാക്കിയെല്ലാം നാം പ്രകൃതിയെ ഉപദ്രവിക്കുന്നതിന് കണക്കുളില്ലാതായിരിക്കുകയാണ്.
ഇന്ന് എല്ലാം മലിനീകരിക്കപ്പെട്ട അവസ്ഥയിലാണ്. അത് കരയിൽ മാത്രം ഒതുങ്ങുന്നില്ല, നദികളും അന്തരീക്ഷവും വൻതോതിൽ മലിനീകരിക്കപ്പെട്ടിരിക്കുന്നു. ഇതിനെല്ലാം മാറ്റമുണ്ടാകണം. ഇവയെല്ലാംനവകേരളസൃഷ്ടിയിൽ നമ്മുക്ക് പരിഹരിക്കണം.

കേരളത്തിന്റെ പുനർസൃഷ്ടി തികച്ചും പ്രകൃതിസൗഹൃദപരമാകട്ടെ. ഓരോ ദുരിതങ്ങളും പുതിയകാര്യങ്ങളാണ് നമ്മെ പഠിപ്പിക്കുന്നത്. കേരളത്തിലുണ്ടായ പ്രളയം നമ്മെ പഠിപ്പിക്കുന്നത് വികസനത്തിന്റെ പേരിൽ നാം പരിസ്ഥിതിയെ മറക്കരുതന്നാണ്. അതുപോലെ എല്ലാ ദുരന്തങ്ങളും നമ്മുക്ക് ഒരവസരംകൂടി നൽകുന്നു പുതിയ തിരിച്ചുവരവിന്......



–ക്രിസ്റ്റ മരിയ ബാബു



നിരഞ്ജനപത്മനാഭൻ

# ലഹരി

ലഹരിയാം കിരാതകരങ്ങളിലമരുമ്പോൾ
അതിൽ നിർവൃതി കൊള്ളുമ്പോൾ
കറുപ്പിന്റെ കറുപ്പിൽ വീണുഴലുമ്പോൾ
സ്വന്തം ശരീരം കീറി
മുറിവേൽപ്പിച്ചർനമാദിക്കുമ്പോൾ
എന്തേ............
നിൻ നല്ല ഭാവിക്കായ് ചോരനീരാക്കിയ
കൽപ്പവൃക്ഷമാം നിന്നമ്മയെ നീ
മറന്നുപോയ്..........

മരീന തോമസ്

# മഴ

നീലാകാശമേ സേനഹ മഴയായ്.....സേനഹ
വർഷമായ് .......

നിന്നിൽ നിന്ന് മുത്ത് മണികൾ പൊഴിയട്ടെ..
നിന്റെ മുത്ത് മണികൾ പൊട്ടികരയട്ടെ.....

സ്നേഹം വിതറുന്ന മുത്ത് മണികൾ കൊണ്ട്..
ഭൂമിയെ പുണരു നീ....... ..
ഭൂമയെ ഉണർത്താൻ സേനഹം കവിയുന്ന
മുത്ത് മണികൾ പൊട്ടി വിതറട്ടെ ..........

സ്നേഹം വിതറുന്ന മുത്ത് മണികൾകൊണ്ട്
ഈ പ്രകൃതി മുഴുവൻ ഉണർന്നിരിക്കട്ടെ
ഈ കാലവർഷം കൊണ്ട്
ഈ പ്രകൃതി മുഴുവൻ പ്രകാശിക്കട്ടെ

അന്നമ്മ



നിരഞ്ജന പത്മനാഭൻ

## സംസ്ഥാനതല വിജയികൾ



ആൽഫിയ ബിജു
ന്യൂട്രീഷ്യസ് ഫുഡ്



ആൽഫി ജോൺസൺ
ഫൈബർ വർക്ക്



ദിൽഷ ബിജു
മെറ്റൽ എൻഗ്രേവിംഗ്




ജോയൽ സന്തോഷ്
ത്രെഡ് പാറ്റേൺ

## സംസ്ഥാനതല വിജയികൾ



ക്രിസ്റ്റ മരിയ ബാബു

സോഷ്യൽസയൻസ് ക്വിസ്




വിൽക്രിസ്റ്റ് സെബാസ്റ്റ്യൻ

സോഷ്യൽസയൻസ് ക്വിസ്

വാർത്താവായന മത്സരത്തിൽ A ഗ്രേഡ് നേടിയ

ആഷൽ മരിയ അഗസ്റ്റിൻ




Manuel Jose
X B

# അഗ്നി

എന്നമെന്നോർമതൻ
സ്മൃതിമണ്ഡപത്തിൽ
മിന്നിത്തിളങ്ങുവാ
കനലുകൾ
ആയിരം ഏട്ടുകൾ
അതിൽ ആയിരം ജീവിതം
ആയിരം ഓർമകളായ്
ജ്വലിക്കുന്നു
എരിയുമാ കനലിൽ
ഏകാന്തതതൻ നിഴലിൽ
വിശ്വസ്ത ദീപ്തിയാൽ
ജ്വലിക്കുന്ന ജീവിതം
അദ്വൈത ദർശിയാം
ജീവിതം ആ കനലിൽ
എരിയുന്ന ഒരു തിരി
ദീപനാളം പോൽ


അണയ്ക്കാൻ ശ്രമിക്കുന്നു
പലരുംഅതിൽ
അണയാത്ത നിഴലായ്
ഞാനും
ഇനിയുമാ ജീവിതത്തിൽ
കനലുകൾ ഏറെയുണ്ട്
എങ്കിലും ഓർക്കാൻ
ഒരു ഓർമയായ്
അതിന്നും മാറുന്നു

– സാവിയോ സെബാസ്റ്റ്യൻ

# മായാജാല മേഘം

പല, പല രൂപമായ് മാറുന്ന
വാനിലെവെൺ ഉവലെ
ഇടിമിന്നലിൻ ധ്വനി കേട്ടിട്ടുമ്പോൾ
തരസാവന്നിട്ടും കാർമുകിലായ്
അനിർവചനീയം അതിൽ രൂപങ്ങൾ
മേഘ സൃഷ്ടികൾ എത്ര്യോ മനോഹരം ആവിലൊരിക്കലും
നമുക്കിത് ചെയ്യുവാൻ
എത്റയോ പ്രഭാവമാണീ
മേഘമായാജാലം
മാനത്തെ ദിവ്യസൃഷ്ടികൾ
കണ്ടാലുടൻ തെളിയുമാ മുഖങ്ങൾ
പല പല രൂപമായ് മാറുന്ന
വാനിലെ വെൺ ഉവലെ
ഓടി വന്നിട്ടുമോ എന്നരികിൽ

അനിഷ ജോസ്



നിരഞ്ജന പത്മനാഭൻ

# അമ്മ

സേനഹതണലാണെൻ അമ്മ
വാത്സല്യനിധിയണെൻ അമ്മ

പുഞ്ചിരിതൂകി സന്തോഷമേക
മെൻ പൊന്നമ്മ.

എൻ ജീവന്റെ ജീവനാണ്
എൻ അമ്മ
നന്മ നിറഞ്ഞൊരു എന്നമ്മ
സേനഹത്തിൻ നിറകുടം
എന്നമ്മ

മരിയ ഗ്രേസ്

# ഭൂമിയുടെ മനസിലെ കലനലുകൾ

കത്തിയെരിയുന്ന തീക്കനൽ പോലേതന്നിതാ
ഭൂമിയും എരിഞ്ഞിടുന്നു
മാനവർ തന്നുടെ ക്രൂരതകൾക്കിരയായിതാ
ഭൂമി കരഞ്ഞിടുന്നു ഭൂമിതൻ
സന്താനങ്ങളെയൊക്കയുംമാനവനിന്നിതാ കൊന്നിടുന്നുപുഴകളും
കുന്നുകളും പച്ച കുട വിരിച്ചുനിന്ന വൃക്ഷങ്ങളും
ഇന്നി നീ ഈ മനോഹാമിത കാണുവാൻ കഴിയാതെ ഈ
ഭൂമി മരിച്ചിടുന്നു
കതിയെരിയുന്ന തീക്കനൽ പോലെയീ
ഭൂമിതൻ പകയും ജ്വലിച്ചിടുന്നു ഭൂമിയുടെ ഈ പകയിൽ
കത്തിയെരിഞ്ഞിടും മാനവൻ തന്നുടെ ജിവിതവും മാനവർ
തന്നുടെ അഹന്തകൾ കാരണം ഭൂമി ഇന്നിതാ മരിച്ചുടുന്നു
മാനവർ തന്നുടെ അഹന്ത നശിപ്പിക്കുവാനായിഭൂമിയി
ലോകത്തിൽ അവതരിക്കുംകനലുകൾ പോലെ ജ്വലിക്കുമി
ഭൂമിതൻ മനസുമായിഭൂമിയി ലോകത്തിൽ അവതരിക്കും

ബ്രിജിറ്റ് മരിയ

# ചിരിച്ചാൽ വേദനിക്കില്ല



ഒരാൾ തട്ടിത്തടഞ്ഞു വിഴുന്നതു കണ്ടാൽ കൂടെയുള്ള സുഹൃത്ത് ചിരിക്കണോ അതോ കരയണോ? വീണ ആൾക്ക് വല്ല പരിക്കും പറ്റിയെങ്കിൽ തീർച്ചയായും ഒരു ഉറ്റ ചങ്ങാതിക്കും ചിരി വരില്ല. ചങ്ങാതിയെ ശുശ്രൂഷിക്കാനുള്ള ശ്രമമായിരിക്കും ഉണ്ടാവുക. അല്ല , വീണ ആൾക്ക് പരിക്കൊന്നും പറ്റിയില്ല എങ്കിലോ? അതുമല്ല വീണത് നടത്തിൽ വേണ്ടത്ര ശ്രദ്ധിക്കാത്തതിനാലാണ് എന്നുമിരുന്നാലോ? അതിനും പുറമേ വല്ല ചേറിലോ മറ്റോ ആണ് വീണതെങ്കിലോ? കൂടെയുള്ള കൂട്ടുക്കാർ എങ്ങനെ ചിരിക്കാതിരിക്കും! ഈ ചിരി കാണുമ്പോൾ വീണ ആൾക്ക് എന്തുതോന്നും . തോന്നണം? പരിഹസിക്കുകയാണ് എന്ന് ദേഷ്യം തോന്നണോ? അതോ , വീഴ്ചയുടെ അല്ലറ ചില്ലറ വേദനമാറാനുള്ള ഔഷധമായ ആ ചിരിയിൽ താനും സസന്തോഷം പങ്കുചേരുണോ? പങ്കുചേരണമെന്നാണ് മുത്തശ്ശൻ പറഞ്ഞുതന്നത്. അതുസ്ഥാപിക്കാൻ മുത്തശ്ശൻമാർ ഒരു പഴമൊഴിയും ഉണ്ടാക്കിയിരിക്കുന്നു. വീണാൽ ചിരിക്കാത്തവൻ ബന്ധുവല്ല എന്നാണ് ആ പഴമൊഴി. ഈ പഴമൊഴിയുടെ അടിസ്ഥാനത്തിലാണ് ഒമ്പതാം ക്ലാസിൽ പഠിക്കവേ ഞാനൊരു കവിത എഴുതിയത്

അത് ഇങ്ങനെയാണ്-

"വരമ്പിൽ നിന്ന് വയലിലെ ചേറിലേക്ക് ഞാൻ- വഴുതി വീണു
അതുകൊണ്ട് എന്റെ സുഹൃത്ത് ചിരിച്ചതേ ഇല്ല.എനിക്ക് കരച്ചിൽ വന്നു
ആ കരച്ചിൽ കണ്ട് ആ ചങ്ങാതി പൊട്ടിച്ചിരിച്ചുഅപ്പോൾ ഞാനും ചിരിച്ചു !
കെട്ടിപ്പിടിച്ച് ചിരിച്ചു ചിരിച്ച് ഞങ്ങൾ ഇരുവരും കൂടി
ആ ചേറിൽ ഉരുണ്ടു വീണും ചിരിച്ചു."

# കനൽജന്മം

ഇരുളാർന്ന ഭുവനത്തില ദ്വൈതകാന്തിയായ്
വെന്തുരുകുന്ന കനൽ കുളം കരിയുന്ന
കാർപുകചുരുളുകൾ ഉയരുന്നിതാ
കാഴ്ച്ചകൾ മങ്ങുന്നു, വഴികൾ അടയുന്നു
ഒന്നുമതോർത്താൽ മമ ജീവിതവും-
കനൽക്കളം, ലോകമാം ശാപത്തിൽ
എരിയുന്ന കനൽക്കളം, സന്തോഷമില്ല,
സന്താപവുമില്ല
താൻഏകാന്തകരാളഹസ്ഥം പുണരുന്ന ജീവിതം
എരിഞ്ഞടങ്ങുന്ന പാപമാം ജീവിതം
ഉതിച്ചുയരുന്ന പുണ്യകനലുകൾ
സഹനത്തിൽ തീച്ചൂളയിൽ അമരുന്ന
ഈ ദേഹിതൻ ലോകം വ്യർത്ഥം
മുട്ടുന്നുചുറ്റും ഭുവനൈകശിൽപി
സൃഷ്ട പ്രപഞ്ചത്തിൽ ഒരു കനലായി
എരിഞ്ഞൊടുങ്ങുന്നിതാ മമ ജീവിത ജന്മം
ആശ്വാസതീർത്ഥമായ് ഉതിരു എൻ ആത്മാന്തരഗത്തിൽ

# കൊതുക് ചേട്ടൻ

ചോരക്കള്ളൻ കൊതിയൻ ചേട്ടൻ

മൂളിപ്പാട്ടും വിരുതൻ ചേട്ടൻ

ഓടയ്ക്കുള്ളിൽ  കഴിയും ചേട്ടൻ

ഭൂവിൽചുറ്റി  നടക്കും ചേട്ടൻ

പലപല രോഗം പകർത്തും ചേട്ടൻ

ചേട്ടനോടൊപ്പം കളിക്കരുതേ.....ചേട്ടനെകൂട്ടു പിടിക്കരുതേ.....

അഖില മരീന





നിരഞ്ജന പത്മനാഭൻ

സെന്റ് തോമസ് എച്ച്. എസ്.എസ് തോമാപുരം

# സൗഹൃദം

ഇണങ്ങിയും പിണങ്ങിയും കൂട്ടുകാർ നമ്മൾ,
സ്നേഹത്തിൻ ചില്ലയിൽ കൂട്ടുകൂടി
തല്ലിപിരിഞ്ഞും കൈകോർത്തും നടന്ന വഴിയേ
ഒരിക്കലും മായാത്ത ഓർമ്മകളുമായ്,

മനസ്സിൽ സൂക്ഷിച്ച പലതും ............
നോവിന്റെ വെട്ടത്തിൽ ചായം പൂശി
ചിരിപ്പിച്ചിലേ നീ പലനാൾ
സന്തോഷത്തിലും സന്താപത്തിലും,

ഒരുമിച്ചു നടന്ന നമ്മൾ
ഒരുനാൾ കഴിഞ്ഞു ആ കാലഘട്ടം
അന്നുഞാൻ തിരിച്ചറിഞ്ഞു..................
അത്രമാത്രം വിലപ്പെട്ടതായിരുന്ന
എന്റെ സൗഹൃദമെന്നത്.!!!



മരിയഗ്രേസ് ജോസഫ്
IX B

# ഓർമ്മകൾ

വിജനമാം വീഥിയിൽ ഏകനയ്
നിൽക്കവേയിന്നെന്റെ ബാല്യം
മടങ്ങിയെത്തി
മഴയും വെയിലും തളർത്തുക-
യിലെന്റെ മനമാം ചിറകേറി
പാറിടും ഞാൻ
ജീവിതം നൽകിടും കയ്പുനീർ
മാത്രം നുകർന്നു രസിക്കാൻ
ഞാനൊരുക്കമല
ഇമപൂട്ടി നിൽക്കുന്ന ദേവത-
മാരെ ഞാൻ പൂജിക്കുവാനും
ഒരുക്കമില
ഏകനാണെങ്കിലും ഏകാന്ത-
മലെന്റെ സ്വപ്നങ്ങൾ കൂട്ടി-
നായുണ്ടെനിക്ക്
പാറണം പാറിപ്പറക്കണം-
മെന്നൊരു മോഹവും-
ഹൃത്തിൽ നിറച്ചുകോണ്ട്
ഭൂമിയെ ചുറ്റി പ്പറന്നിടും
ഞാനെന്റെ കണ്ണീർ തുളുമ്പുന്ന കണ്ണുമായി. - സാവിയോ


by,
mariya




ഷിബില ജോസഫ്
X·B

# Why Not You ?

Today many will awaken with a fresh sense of inspiration.
Why not you?

Today many will open their eyes to the beauty that surrounds them.
Why not you ?

Today many will choose to leave the ghost of yesterday behind and seize the immeasurable power of today.
Why not you ?

Today many will break through the barries of the past by looking at the blessing of the present.
Why not you ?
Today many will find abundance in simplicity.

Why not you ?
Today many will take the action necessry to mke a difference.
Why not you ?

Today many will make the commitment to be a better mother, father, son, daughter, student, teacher, worker, boss, brother, sister.
Why not you ?

Today is a new day!
many will seize this day. Many will live it to the fullest.

Why not you ?

JOJO GEORGE...

# WATER

Every one needs me
no one can live without me
I am very useful to all of them
do you know who I am?
I am water.
Without me no living things survive.
In one place I am very little.
Do you know who I am?
I am water.
If you save me,
I will be here forever
Fishes, live in me,
Do you know who I am?
I am water.

JOJO GEORGE....

# PENCIL

**A pencil is a writing tool or an art medium constructed of a narrow solid pigment core inside a protective casing which prevents the core being broken or leaving marks or the user's hand during use. Pencil create marks by physical abrasion, leaving behind a trail of solid core material that adheres to a sheet of paper or other surface. They are distinct from pens, which instead disperse a trail of liquid or gel ink that stains the colour of the paper.**

**“A pencil and a dream can take you anywhere”**

**JOJO GEORGE**




നിരഞ്ജന

# കടപ്പാട്

ഡിജിറ്റൽ മാഗസിൻ
യാഥാർത്ഥ്യമാക്കാൻ സഹായിച്ച എല്ലാ
ലിറ്റിൽ കൈറ്റ് അംഗങ്ങൾക്കും
നേതൃത്വം നൽകിയ ലിസ ടീച്ചർക്കും
ബാബു സാറിനും ഒരായിരം നന്ദി........

എഡിറ്റർ